(ബി) എങ്കിൽ നിവേദനത്തിന്റെ സാരാംശം ലഭ്യമാക്കുമോ;

(സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെല്ലാം മന്ത്രിമാരുമായി ചർച്ച ചെയ്തുവെന്നും ചർച്ചയിലെ തീരുമാനം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സൗദി അറേബ്യയിൽ വച്ച് മരണമടയുന്ന പ്രവാസികളായ ഇൻഡ്യാക്കാരുടെ പ്രത്യേകിച്ച് കേരളീയരുടെ ഔതിക ശരീരം നാട്ടിലെത്തിക്കുന്നത്, ഇറാഖിലേക്കുള്ള അനധികൃത റിക്രൂട്ട്മെന്റ് തടയുന്നത്, കോഴിക്കോട് എമിഗ്രേഷൻ ഓഫീസ് സ്ഥാപിക്കുന്നത്, ഗൾഫിൽനിന്നും മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി, വിമാന യാത്രക്കൂലി കുറയ്ക്കൽ, ഗൾഫ് രാജ്യങ്ങളിലേക്ക് ബജറ്റ് എയർലൈൻസ് ആരംഭിക്കുക, മലയാളം അറിയുന്നവരെ വിദേശ എംബസ്സികളിൽ നിയമിക്കുക, എയർ അറേബ്യയുടെ ചെലവ് കുറഞ്ഞ വിമാന സർവ്വീസ് അനുവദിക്കുക, പുതിയ കേന്ദ്ര ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ പ്രവാസി മലയാളികളെ ബാധിക്കുന്നത് എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ നിലവിലുള്ള കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്.

(സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ. നട്വർ സിംഗ്, കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ശ്രീ. സിസ് റാംഒല, സിവിൽ വ്യോമയാന വകുപ്പ് സഹമന്ത്രി ശ്രീ. പ്രഫുൽ പട്ടേൽ, കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. ജഗദീഷ് ടൈറ്റ്ലർ എന്നിവരെ 2004 മേയ് മാസം അവസാന വാരത്തിൽ നോർക്ക വകുപ്പുമന്ത്രിയും, സെക്രട്ടറിയും നേരിൽ കണ്ട് ചർച്ച നടത്തി. 2004 ജൂലൈ 10-ന് വിദേശകാര്യ വകുപ്പുമന്ത്രി ശ്രീ. നട്വർ സിംഗ് കേരളത്തിൽ വരികയും ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു. പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത പ്രസ്തുത കോൺഫറൻസിൽ വിദേശകാര്യ സഹമന്ത്രി, സംസ്ഥാന നോർക്ക വകുപ്പുമന്ത്രി, സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. കേരള സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിച്ച് തീരുമാനം എടുക്കുമെന്ന് വിദേശകാര്യ വകുപ്പുമന്ത്രി അറിയിച്ചു.

ഗൾഫിൽനിന്നും തിരിച്ചുവന്നവരും കുടിയേറ്റ കേസുകളും

408 [2472] ശ്രീ. ബിനോയ് വിശ്വം: കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മലയാളികൾ ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽരഹിതരായി കേരളത്തിൽ തിരിച്ചെത്തിയിട്ടുണ്ടെന്നും അതിൽ എത്രപേരെ സംസ്ഥാന സർക്കാരിന് പുനരധിവസിപ്പിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ സംരക്ഷിക്കാൻ ഇപ്പോൾ സർക്കാർ നടത്തിവരുന്ന പ്രധാന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിലെ അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നിലവിൽ എത്ര കേരളീയർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്രപേരെ ജയിലിലടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽരഹിതരായി തിരിച്ചെത്തിയ മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമല്ല. എന്നാൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ 'റൂട്ട്സ്-എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ്' വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിലെ അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നിലവിൽ എത്ര കേരളീയർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും എത്രപേരെ ജയിലിലടച്ചിട്ടുണ്ടെന്നും സംബന്ധിച്ച കണക്ക് ലഭ്യമാക്കാൻ വിവിധ രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളെ സമീപിച്ചിട്ടുണ്ടെങ്കിലും വിശദ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ജില്ലാ കേന്ദ്രങ്ങളിൽ അറ്റസ്റ്റേഷൻ സെന്ററുകൾ

409 [2473] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിതേടി പോകുന്നവർക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് ഉണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സംസ്ഥാന സർക്കാർ നിരന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി സർട്ടിഫിക്കറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly